# Group prayer - St. Chavara

നിത്യവും ഞങ്ങളുടെ മധ്യേ വസിക്കുന്ന ത്രിയേക ദൈവമേ, അങ്ങയുടെ പക്കലേക്ക് ഞങ്ങൾ കണ്ണുകളുയർത്തി ഹൃദയമുയർത്തി അങ്ങേ സ്തുതിച്ചാരാധിക്കുന്നു. ജീവന്റെ ഉറവിടമേ, സ്നേഹത്തിന്റെ ഉറവിടമേ, കരുണയുടെ സാഗരമേ അങ്ങയുടെ സന്നിധിയിൽ ആയിരിക്കുന്നത് എന്തൊരു മഹാഭാഗ്യം. ഇന്നേദിനത്തിന്റെ എല്ലാ സുഖ ക്ലേശങ്ങളും അങ്ങേ സന്നിധിയിൽ ഞങ്ങളർപ്പിക്കുന്നു കാരുണ്യവാനായ കർത്താവേ ഈ സമയം സകല സൃഷ്ടിവസ്തുക്കളോടൊപ്പം അങ്ങയെ ഞങ്ങൾ സ്തുതിച്ചാരാധിക്കട്ടെ.

(ഗാനം - ആരാധന)

ജീവിതത്തിൽ തന്റെ നിയോഗം തിരിച്ചറിഞ്ഞ്, അതിന്റെ പൂർണ്ണതയിൽ ജീവിച്ച് വിശുദ്ധിയുടെ പരിമളം പരത്തിയ നറുമലർ. ജീവിതനൗകയെ ധീരമായി നയിച്ച വീരപുരുഷനും കർമ്മയോഗിയുമായവൻ. അതാണ് നമ്മുടെ ചാവറപിതാവ്. തന്റെ ജീവിതം മുഴുവനും ദൈവോന്മുഖവും പരോന്മുഖവും ആയി ജീവിച്ച് സാമൂഹികവും സാംസ്കാരികവും മതപരവുമായ രംഗങ്ങളിലെല്ലാം വിശുദ്ധിയുടെ ദൈവദൂതനായി മാറി. ആരംഭം മുതൽ അവസാനം വരെ ശാന്തസുന്ദരമായി ഒഴുകിയ ഒരു പുഴപോലെ ദൈവാനുഗ്രഹത്താൽ മുദിതമായി അദ്ദേഹത്തിന്റെ ജീവിതം ഒഴുകി. ചാവറയെന്ന ഈ പുഴ ഒഴുകിയ തീരങ്ങളിൽ വ്യക്തികൾ പ്രജ്വലിച്ചു. പുത്തൻ വിപ്ലവത്തിന്റെ മാറ്റൊലികളും മുഴങ്ങി. അങ്ങനെ 2 സന്ന്യാസ സമൂഹങ്ങൾ രൂപംകൊള്ളുന്നതിനു കാരണമായി. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ മനസിൽ സർവ്വശക്തനായ അങ്ങയുടെ ദിവ്യപ്രേരണങ്ങൾക്കനുസൃതമായി നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും പുതിയ പാതകൾ തുറന്ന് സാമൂഹിക. സാംസ്കാരിക രംഗത്തായാലും വിദ്യാഭ്യാസരംഗത്തായാലും

മതപരമായ രംഗത്തായാലും ഒരു ആയുസിൽ ചെയ്തുതീർക്കാവു-ന്നതിലേറെ നിവർത്തിക്കുവാൻ അദ്ദേഹത്തെ അനുശക്ത-നാക്കി. അങ്ങയുടെ ദിവ്യപദ്ധതികൾ നിറവേറ്റുവാൻ അങ്ങു തിരഞ്ഞെടുത്ത ചാവറയച്ചൻ സ്ഥാപിച്ച ഈ കർമ്മലീത്താസന്യാ-സസമൂഹത്തിലേക്ക് ഞങ്ങളെ വിളിച്ചതിനെ ഓർത്ത് അങ്ങയുടെ അനന്തമായ കാരുണ്യാതിരേകത്തിന് വാത്സല്യത്തിന മുൻപിൽ ഹൃദയം തുറന്ന നന്ദിയോടെ ആയിരിക്കുന്നു. ഈ സമയം തന്റെ ജീവിതത്തിന്റെ സർവസ്വവും ദിവ്യനാഥനാണെന്ന് കാണിക്കുന്ന അദ്ദേഹത്തിന്റെ ഈരടികൾ നമുക്കും ഏറ്റുപാടി പ്രാർത്ഥിക്കാം.

"എന്റെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ ജീവന പാനം നീയേ
ശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ"

വചനവായന [യോഹ 6/25-29]

ദിവ്യസക്രാരിക്കരികെ ദീർഘനേരം ആയിരുന്നുകൊണ്ട് പരിശുദ്ധ കുർബാനയുടെ പ്രാധാന്യം മനസിലാക്കുകയും അത-നുഭവിച്ചറിയുകയും അതു തന്റെ ജീവിതശൈലിയാക്കി മാറ്റുകയും ചെയ്ത വിശുദ്ധ കുർബാനയുടെ പ്രേഷിതനായ ചാവറയച്ചനെ നമുക്കു അനുസ്മരിക്കാം, ദിവ്യകാരുണ്യത്തെ ആരാധിക്കാം.

[ഗാനം]

ചാവറപിതാവിന്റെ ദൈവാനുഭവം ഏറ്റവും അധികം തെളിഞ്ഞുനിൽക്കുന്നത് ആബ്ബാ അനുഭവത്തിലാണ്. എന്റെ അപ്പാ എന്നു വിളിച്ച് അപ്പന്റെ അടുത്തിരുന്ന് ദീർഘനേരം സംസാരിച്ച് തിരുഹിതം കണ്ടെത്തുന്ന ചാവറ പിതാവിന് തന്റെ ഭാഗ്യവും സമ്പത്തും ശ്വാസവും എല്ലാം

തന്റെ സ്വർഗ്ഗീയ അപ്പൻ മഹത്വമാണ്. അവന്റെ സ്നേഹത്തിൽ നിറഞ്ഞു നിൽക്കുന്ന ആ ഹൃദയ ഭാവങ്ങളോടൊപ്പം നമ്മുടെ ഹൃദയങ്ങളെ ഉയർത്താം. സങ്കീർത്തന വചനങ്ങൾ ഉരുവിട്ട് ചാവറപിതാവിനോടൊപ്പം ദൈവത്തെ വാഴ്ത്താം.

ലീഡർ :- കർത്താവിന്റെ ദാസരേ അവിടുത്തെ സ്തുതിക്കുവിൻ; രാത്രിയിൽ കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്നവരേ, അവിടുത്തെ വാഴ്ത്തുവിൻ. ശ്രീകോവിലിലേക്കു കൈകൾ നീട്ടി കർത്താവിനെ വാഴ്ത്തുവിൻ

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- കർത്താവേ, ഞാൻ പൂർണ്ണഹൃദയത്തോടെ അങ്ങേയ്ക്കു നന്ദി പറയുന്നു; ദേവന്മാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- എന്റെ ദൈവവും രാജാവുമായ അങ്ങയെ ഞാൻ വാഴ്ത്തും പുകഴ്ത്തും; ഞാൻ അങ്ങയുടെ നാമത്തെ എന്നേക്കും വാഴ്ത്തും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- ആയുഷ്കാലമത്രയും ഞാൻ കർത്താവിനെ സ്തുതിക്കും; ജീവിതകാലം മുഴുവൻ ഞാൻ എന്റെ ദൈവത്തിനു കീർത്തനം പാടും.

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

ലീഡർ :- കർത്താവിനെ സ്തുതിക്കുവിൻ; കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ; വിശുദ്ധരുടെ സമൂഹത്തിൽ അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ

സമൂഹം :- വി. ചാവറ പിതാവിനോടൊപ്പം ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

[ഗാനം – ചാവറ പിതാവിന്റെ]

ഈ നിമിഷം നമ്മുടെ ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥനകളും അർത്ഥനകളും വി. ചാവറയച്ചന്റെ മദ്ധ്യസ്ഥം വഴി ഈശോയ്ക്കു സമർപ്പിക്കാം.

[കാറോസൂസ]

ദൈവപിതാവിന്റെ പിതൃത്വം തിരിച്ചറിഞ്ഞ് മക്കളെ രക്ഷാകരപാതയിലേക്കു നയിക്കുവാൻ ജീവൻ ബലിയായ് സമർപ്പിച്ച ക്രിസ്തുനാഥന്റെ ഹൃദയത്തോടു ചേർന്നു നിന്ന ചാവറ പിതാവ്. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, എപ്പോഴും തന്നോടു കൂടെ സംസാരിപ്പിൻ." ഈ പ്രാർത്ഥനാമണിക്കൂറുകളുടെ അവസാന നിമിഷങ്ങളിൽ വന്ദ്യപിതാവിന്റെ അനുഗ്രഹവചസ്സുകൾ നമ്മുടെ ഹൃദയത്തിൽ സ്വാംശീകരിക്കാം. ഓ ദൈവപിതാവേ! ഞങ്ങളുടെ സ്ഥാപകപിതാവിനെപ്പോലെ പ്രാർത്ഥനാപ്രവർത്തനസമന്വയത്തിലൂടെ ലോകത്തിനു മുമ്പിൽ പ്രകാശമായ് തീരുവാൻ ഞങ്ങളുടെ ജീവിതങ്ങളെ അനുഗ്രഹിക്കണമേ. ഈനാൾ വരെയും ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായി കൊണ്ട് കൃതജ്ഞതയുടെ ജീവിതം നയിക്കുവാൻ ഞങ്ങളെ അങ്ങേ കൃപകളാൽ സമ്പന്നരാക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ വാഴ്ത്തിപ്പാടട്ടെ.

[നന്ദിയുടെ ഗാനം]